# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 633 29.06.2011-ൽ മറുപടിയ്ക്ക്

## പുറക്കാട്ട് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ : | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| എ) അമ്പലപ്പുഴ മണ്ഡലത്തിലെ കടൽതീരത്ത് അവശേഷിക്കുന്ന കടൽഭിത്തി നിർമ്മിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) അമ്പലപ്പുഴ മണ്ഡലത്തിൽ തോട്ടപ്പള്ളി മുതൽ കോമന വരെയുള്ള പ്രദേശങ്ങളിൽ അവശേഷിക്കുന്ന കടൽഭിത്തി നിർമ്മിക്കാനുള്ള അടിയന്തിര നടപടികൾ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുറക്കാട് മസ്ജിദിന് സമീപവും പഹയങ്ങാടി, തോട്ടപ്പള്ളി , പാൽക്കുളങ്ങര എന്നീ പ്രദേശങ്ങളിൽ അടിയന്തിരമായി കോർവാൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതുപോലെ തോട്ടപ്പള്ളി മുതൽ ചെമ്മാനം വരെയുള്ള പ്രദേശങ്ങളിലെ കടൽതീരം ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിക്കുന്നതിനായി സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിലും ഐ.ഐ.റ്റി. ചെന്നൈയുടെയും അതുപോലെ യുള്ള മറ്റു സ്ഥാപനങ്ങളുടെയും പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഏകദേശം 150 മീറ്റർ ഇടവിട്ട് പുലിമുട്ട് നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത നിർമ്മാണത്തിന് 1050 കോടി രൂപ അടങ്കൽ തുക വരുമെന്ന് കരുതപ്പെടുന്നു. |
| ബി) ഇക്കാര്യത്തിൽ അമ്പലപ്പുഴ എം.എൽ.എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ഓരോന്നിലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ബി) ഇക്കാര്യത്തിൽ അമ്പലപ്പുഴ എം.എൽ.എ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിവേദനവുമായി ബന്ധപ്പെട്ട് പുറക്കാട്, പഹയങ്ങാടി, തോട്ടപ്പള്ളി, പാൽക്കുളങ്ങര എന്നിവിടങ്ങളിൽ അടിയന്തിരമായി കോർവാൾ നിർമ്മിക്കുവാനുള്ള അഞ്ച് പ്രവർത്തികൾക്ക് സാമ്പത്തികാനുമതി |

| | |
|---|---|
| | നൽകാൻ നടപടിയെടുത്തുവരുന്നു. 28പുലിമുട്ടുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾകൊള്ളിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) പുറക്കാട്ട് കടപ്പുറത്ത് 4,000 മീറ്റർ രണ്ടാം കടൽഭിത്തി കെട്ടുന്നതിനായി അന്നത്തെ അമ്പലപ്പുഴ എം.എൽ.എ ജലവിഭവ വകുപ്പുമന്ത്രി വഴി കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിക്കായി നൽകിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കടൽഭിത്തി കെട്ടാൻ നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കുമോ; | സി) പുറക്കാട് കടപ്പുറത്ത് 4000 മീറ്റർ രണ്ടാംകടൽ ഭിത്തി കെട്ടുന്നതിനായി അമ്പലപ്പുഴ എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടപ്പള്ളി മുതൽ ചെല്ലാനം വരെയുള്ള കടൽതീരത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പുലിമുട്ടുകളിൽ ബഹു. എം.എൽ.എ നിർദ്ദേശിച്ച പുറക്കാട് കടപ്പുറവും ഉൾപ്പെടുന്നുണ്ട്. പുലിമുട്ട് നിർമ്മിക്കാനുള്ള നിർദ്ദേശം ആരംഭഘട്ടത്തിലായതിനാൽ ഇതിൻമേൽ നിലവിൽ കേന്ദ്രസർക്കാരിന്റെ അനുമതി വേണമോ എന്ന കാര്യം തീരുമാനമായിട്ടില്ല. |
| ഡി) പുറക്കാട്ട് കടപ്പുറത്ത് അവശേഷിക്കുന്ന 4,000 മീറ്റർ കടൽഭിത്തി കെട്ടി കടലാക്രമണം തടയാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കുന്നത് എന്നും ഇവിടെ പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ എത്രകാലം വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | ഡി) മുൻകാലങ്ങളിൽ 400 മീറ്ററിൽ കൂടുതൽ വീതിയുള്ള കടൽതീരമായതിനാൽ പുറക്കാട് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ അടുത്തിടെയുണ്ടായ രൂക്ഷമായ കടൽക്ഷോഭം മൂലം ഈ കടൽതീരം സംരക്ഷിക്കേണ്ടതാണെന്ന് കാണുകയാൽ പൂർണ്ണസുരക്ഷിതത്വം ഉറപ്പാക്കാനാണ് പുലിമുട്ട് നിർമ്മാണം ഉദ്ദേശിച്ചിരിക്കുന്നത്. സാമ്പത്തിക ലഭ്യതയുടെയും പഠനറിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ എന്നത്തേക്ക് പ്രസ്തത പ്രവർത്തി പൂർത്തിയാക്കി ഈ കടൽതീരത്തിന് പൂർണ്ണസുരക്ഷിതത്വം ഉറപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാൻ സാധ്യമാകുകയുള്ളു. |
| ഇ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിന് വീതി കൂട്ടി കൂടുതൽ മത്സ്യബന്ധന വള്ളങ്ങളും ബോട്ടുകളും നങ്കൂരമിടുന്നതിന് പുതിയൊരു അനുബന്ധ പ്രോജക്ട് കൂടി | ഇ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| കേന്ദ്രത്തിന് സമർപ്പിക്കുമോ; അതിനുള്ള എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | |
| എഫ്) ആലപ്പുഴ നഗരത്തിലെ ബീച്ചു മുതൽ പുറക്കാട് പൂത്തോപ്പു വരെയുള്ള അമ്പലപ്പുഴ മണ്ഡലത്തിൽ കടൽഭിത്തി യില്ലാത്ത ഗ്യാപ്പുകൾ ഏതൊക്കെയാണ്, ഓരോന്നും എന്തു ദൈർഘ്യം വരുമെന്നും പുനരുദ്ധാരണം ആവശ്യമായ ഭാഗങ്ങൾ ഏതെല്ലാമെന്നും അവയ്ക്കൊരോന്നിനും എന്തു ദൈർഘ്യം വരുമെന്നും ഇവയെല്ലാം നിർമ്മിച്ചും പുനർനിർമ്മിച്ചും അമ്പലപ്പുഴ മണ്ഡലത്തിന്റെ കടൽതീരത്തിന് പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ പദ്ധതികൾ തയ്യാറാക്കുമോയെന്നും വിശദമാക്കുമോ; | എഫ്) ആലപ്പുഴ നഗരത്തിലെ ബീച്ച് മുതൽ പുറക്കാട് പൂത്തോപ്പ് വരെയുള്ള അമ്പലപ്പുഴ മണ്ഡലത്തിൽ കടൽഭിത്തി ഇല്ലാത്ത ഗ്യാപ്പുകളും അവ ഓരോന്നിനും എന്ത് ദൈർഘ്യം വരുമെന്നും താഴെ കൊടുത്തിരിക്കുന്നു.<br><br>കോമന -- 32 മീറ്റർ<br>കാക്കാഴം -- 33 മീറ്റർ<br>അച്ചാമുക്ക് -- 280 മീറ്റർ നീളത്തിൽ ഗ്യാപ്പുകൾ ഉണ്ട്<br>തോട്ടപ്പള്ളി -- 225 മീറ്റർ<br>ആനന്ദേശ്വരം -- 1355 മീറ്റർ<br>മാധവമുക്കിനു വടക്കോട്ട് -- 540 മീറ്റർ<br>മാധവമുക്കിന് തെക്കോട്ട് -- 250 മീറ്റർ<br>മാധവമുക്കിൽ -- 28 മീറ്റർ<br>അമ്പലപ്പുഴ -- 163 മീറ്റർ<br>പുന്നപ്ര -- 330 മീറ്റർ<br>കളർകോട് -- 100 മീറ്റർ<br>വാടക്കൽ -- 1 കിലോമീറ്റർ<br>മേൽപ്പറഞ്ഞ ഗാപ്പുകൾ നിർമ്മിച്ചും പുനർ നിർമ്മിച്ചും അമ്പലപ്പുഴ മണ്ഡലത്തിന്റെ കടൽ തീരത്തിന് സംരക്ഷണം ഉറപ്പാക്കാനുള്ള പദ്ധതികൾ സാമ്പത്തിക ലഭ്യതയുടെയും സംസ്ഥാനത്തെ മറ്റു കടൽതീരങ്ങൾക്കുണ്ടാകുന്ന കടൽക്ഷോഭങ്ങ ളുടെയും തീവ്രതയ്ക്കനുസരിച്ച് തയ്യാറാക്കുന്ന മുൻഗണനാ പട്ടികയ്ക്ക് അനുസൃതമായി ഏറ്റെടുത്ത് പൂർത്തീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ജി) 13-ാം ധനകാര്യ കമ്മീഷൻ വഴി സമർപ്പിച്ചിട്ടുള്ള സംസ്ഥാന ഇറിഗേഷൻ വകുപ്പിന്റെ അമ്പലപ്പുഴ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവർത്തന [illegible] | ജി) പതിമൂന്നാം ധനകാര്യകമ്മീഷൻ വഴി [illegible] അമ്പലപ്പുഴ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവർത്തനങ്ങളുടെ അടങ്കൽ തുക 11 കോടി 43 |

| | |
|---|---|
| ങ്ങളുടെ അടങ്കൽ തുക എത്രയാണ്; വിശദവിവരങ്ങൾ നൽകുമോ; ഇതിൽ അനുവദിച്ചിട്ടുള്ളവയുടെ വിവരങ്ങൾ നൽകുമോ? | ലക്ഷം രൂപയാണ്. വിശദാംശങ്ങൾ താഴെ പറയുന്നു.<br>തോട്ടപ്പള്ളിയിൽ — ലക്ഷം<br>സിപി.5068 നും 5065 നും ഇടക്ക് — 64.00<br>സിപി.5065 നും 5062 നും ഇടക്ക് — 63.75<br>ആനന്ദേശ്വരത്ത്<br>സിപി.5061 നും 5047 നും ഇടക്ക് — 385.00<br>അമ്പലപ്പുഴയിൽ<br>സിപി.4998 നും 4996 നും ഇടക്ക് — 47.50<br>നീർക്കുന്നത്ത്<br>സിപി.4969 നും 4966 നും ഇടക്ക് — 75.50<br>സിപി.4965 നും 4966 നും ഇടക്ക് — 8.20<br>പുന്നപ്രയിൽ<br>സിപി.4946 നും 4948 നും ഇടക്ക് — 61.00<br>നിർമ്മാണം<br>കോമന — 15.20<br>കാക്കാഴം — 15.00<br>അച്ചാമുക്ക് — 90.00<br>പുനരുദ്ധാരണം<br>പുന്നപ്രയിൽ<br>സിപി.4946 നും 4944 നും ഇടയിൽ — 45.00<br>സിപി.4939 നും 4937 നും ഇടയിൽ — 28.00<br>സിപി.4935 നും 4933 നും ഇടയിൽ — 35.00<br>വാടയ്ക്കൽ<br>സിപി. 4890 നും 4883 നും ഇടയിൽ — 210.00<br>ആകെ — 1142.95 |

സെക്ഷൻ ഓഫീസർ